# വയോധികയെ മക്കൾ ബസ്കാത്തിരിപ്പുകേന്ദ്രത്തിൽ ഉപേക്ഷിച്ചു

● അനിൽ മണ്ണാർക്കാട്

മണ്ണാർക്കാട്: അട്ടപ്പാടിയിൽ മാതാവിനെ മക്കൾ ബസ് കാത്തിരിപ്പുകേന്ദ്രത്തിൽ ഉപേക്ഷിച്ചു. ഒരു കാൽമാത്രമുള്ള സരസമ്മയെയാണ് കഴിഞ്ഞദിവസം ദിവസം രാത്രി ബസ് കാത്തിരിപ്പുകേന്ദ്രത്തിൽ ഉപേക്ഷിക്കപ്പെട്ട നിലയിൽ കണ്ടെത്തിയത്. കൽക്കണ്ടിയിലെ ബസ് കാത്തിരിപ്പുകേന്ദ്രത്തിൽ ആരും തുണയില്ലാതെ ഇരുന്ന അവരെ നാട്ടുകാരാണ് കണ്ടത്. പേർ സരസമ്മയാണെന്നും തനിക്ക് 84 വയസുണ്ടെന്നും അവർ പറഞ്ഞു. വിലാസം ചോദിച്ചപ്പോൾ വീടില്ലെന്നായിരുന്നു മറുപടി.

നാട്ടുകാർ വിവരമറിയിച്ചതിനെ തുടർന്ന് അഗളി എസ്.ഐ റെജിക്കുട്ടിയുടെ നേതൃത്വത്തിൽ പൊലിസ് സ്ഥലത്തെത്തി. രാത്രിയായതിനാൽ അവരെ കുറച്ചുകാലയുള്ള, മാനസികവൈകല്യമുള്ള സ്ത്രീകളെ ശുശ്രൂഷിക്കുന്ന അസീസി നിലയത്തിലേക്ക് താൽക്കാലികമായി മാറ്റി. നടക്കാനാകാത്ത അവരെ എസ്ഐ റെജിക്കുട്ടിതന്നെയാണ് എടുത്തുകൊണ്ടുപോയത്. ആ ദൃശ്യവും അവരോട് ചോദിച്ചറിഞ്ഞ കാര്യങ്ങളും ഏറെ വേദനിപ്പിച്ചെന്ന് എസ്ഐ പറഞ്ഞു.



ബസ് കാത്തിരിപ്പുകേന്ദ്രത്തിൽ ഉപേക്ഷിക്കപ്പെട്ട നിലയിൽ കണ്ടെത്തിയ സരസമ്മയെ അഗളി എസ്. ഐ റെജിക്കുട്ടി അസീസി നിലയത്തിലേക്ക് എടുത്തുകൊണ്ടുപോകുന്നു

എട്ടുമക്കളുണ്ട് ഇവർക്ക്. അഞ്ചുപേർ ജീവിച്ചിരിപ്പുണ്ട്. ഇതിൽ ചില പെൺമക്കളുടെ വീടുകളിലാണ് മാറിതാമസിച്ചുവന്നിരുന്നത്. അട്ടപ്പാടിയിലെ മുക്കാലിയിൽ വീടും സ്ഥലവുമെല്ലാം ഉണ്ടായിരുന്നു. എല്ലാം വീതിച്ച് മക്കൾക്ക് തുല്യമായി നൽകി. തുടർന്നാണ് മക്കളുടെ വീട്ടിൽ തന്റെ വികലാംഗത്വവുംപേറി മാറി മാറി താമസിച്ചുവന്നിരുന്നത്.

പറഞ്ഞാൽ കേൾക്കുന്നില്ലെന്നാണ് പൊലിസ് ബന്ധപ്പെട്ടപ്പോൾ ഇവർ മറുപടി പറഞ്ഞത്. ചിലർ അവരുടെ പ്രാരാബ്ധങ്ങളാണ് കാരണം പറഞ്ഞത്. മറ്റുചിലർ വീട് സ്ഥിതിചെയ്യുന്നത് കുന്നിൻമുകളിലാണെന്നും വഴിയുടെ ബുദ്ധിമുട്ടും നിരത്തി.

മാതാവിന്റെ സംരക്ഷണത്തിൽ മക്കൾക്ക് ഉത്തരവാദിത്വമുണ്ടെന്ന നിലപാടിലുറച്ചു നിൽക്കുകയാണ് പൊലിസ്. വിവരമറിയിച്ചിട്ടും രണ്ടുദിവസമായി മക്കൾ എത്തിയിട്ടില്ല. ഇനിയും എത്തിയില്ലെങ്കിൽ നിയമനടപടിയെടുക്കുമെന്നും എസ്.ഐ റെജിക്കുട്ടി പറഞ്ഞു. ആരും താല്പര്യം കാണിച്ചില്ലെങ്കിൽ പഞ്ചായത്തധികൃതരുടെ സഹായത്തോടെ വയോധികരെ സംരക്ഷിക്കുന്ന സാമൂഹ്യ-സുരക്ഷാകേന്ദ്രത്തിലേക്കു മാറ്റാനും തീരുമാനമുണ്ട്.